(ബി) എങ്കിൽ സംസ്ഥാന തലത്തിൽ സമീപ വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ട്;

(സി) ഇത്തരത്തിലുള്ള പ്രവണത തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കായിക രംഗത്ത് ഉത്തേജകമരുന്നിന്റെ ഉപയോഗം നടക്കുന്നതായിട്ടുള്ള യാതൊരു പരാതിയും പരിശീലകരിൽ നിന്നോ സ്പോർട്സ് താരങ്ങളിൽനിന്നോ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇത്തരം പരാതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നിർദ്ദേശം ഈ രംഗത്തുള്ളവർക്ക് പ്രത്യേകിച്ച് പരിശീലകർക്ക് നൽകാവുന്നതാണ്.

തലശ്ശേരി കോണാർ വയലിൽ സ്ഥാപിക്കുന്ന സ്റ്റേഡിയം-കം-ഹോസ്റ്റൽ കോംപ്ലക്സിന്റെ നിർമ്മാണം

124 [2734] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായ്)-യുടെ സഹായത്തോടെ തലശ്ശേരി കോണാർ വയലിൽ സ്ഥാപിക്കുന്ന സ്റ്റേഡിയം-കം-കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സർക്കാർ വകുപ്പുകളും, വ്യക്തികളും, സംഘടനകളുമാണ് ഇതിനായി തുക നീക്കിവച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) നീക്കിവെച്ച തുകയിൽ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സ്റ്റേഡിയം കോംപ്ലക്സിന്റെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറും സ്ട്രക്ച്ചറിന്റെ ഡ്രോയിംഗ്സും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. തുണാനുമതിക്കും ടെക്നിക്കൽ അനുമതിക്കുമായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) ഈ പ്രവൃത്തിക്കായി എം. എൽ. എ. ഫണ്ടിൽനിന്നും 25 ലക്ഷം രൂപയും മുനിസിപ്പൽ ബഡ്ജറിൽ നിന്നും 8 ലക്ഷം രൂപയും മടക്കം 33 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

(ഡി) നിർമ്മാണം ആരംഭിച്ച് രണ്ട് വർഷത്തിനകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly